പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 295 28.06.2011-ൽ മറുപടിയ്ക്ക്

# കാവാലം സബ്സ്റ്റേഷൻ നിർമ്മാണം.

ചോദ്യം

ശ്രീ. തോമസ് ചാണ്ടി :

(എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ശ്രീമതി. ഡെയ്സി തോമസ് എന്നയാളിൽ നിന്നും 0.874 ഹെക്ടർ ഭൂമിയാണ് വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ നെഗോഷ്യേറ്റഡ് പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് ഭൂമി കൈമാറാൻ ഭൂ ഉടമ വഴങ്ങാത്തതിനാൽ നിർബന്ധിത ഭൂമി ഏറ്റെടുക്കലിന് സർക്കാർ ഉത്തരവാകുകയും ആലപ്പുഴ ജില്ലാ കളക്ടർ നിർബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഭൂമി വില സംബന്ധിച്ച് സർട്ടിഫിക്കറ്റ് താലൂക്ക് ഓഫീസിൽ നിന്നും കളക്ടറേറ്റിലേക്കു നൽകിയ സമയത്തു തന്നെ ടി ഭൂമി മണ്ണിട്ടുനികത്തുന്നതിനാവശ്യമായ അനുമതി നൽകണമെന്ന് വൈദ്യുതി ബോർഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു. എന്നാൽ ആലപ്പുഴ ജില്ലാ കളക്ടർ 09-02-2011 ലെ കത്തു പ്രകാരം ടി ഭൂമി 'കേരള നെൽ വയൽ തണ്ണീർ തട സംരക്ഷണ നിയമ' പ്രകാരം, നികത്തുവാൻ

സാധിക്കുകയില്ല എന്നും സബ് സ്റ്റേഷൻ നിർമ്മാണത്തിനായി അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടുപിടിക്കുന്നതിനും നിർദ്ദേശിച്ചതിനെ തുടർന്ന് മറ്റനുയോജ്യമായ സ്ഥലത്തിനായുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയുണ്.

(ബി) നെൽവയൽ നികത്തി പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) നെൽവയൽ നികത്തിആദ്യം നിശ്ചയിച്ച സ്ഥലത്ത് ടി സബ് സ്റ്റേഷൻ നിർമ്മാണം നടത്തുന്നതിന് 'കേരള നെൽവയൽ തണ്ണീർ തട സംരക്ഷണ നിയമ' പ്രകാരം സാധ്യമല്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചു. മറ്റൊരു അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കണമെന്ന നിർദ്ദേശ പ്രകാരം പുതിയ സ്ഥലം കണ്ടുപിടിക്കുന്നതിനുള്ള അന്വേഷണം തുടരുകയാണ്. നെൽവയൽ നികത്തുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) അനുയോജ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.